## നമോ ഭഗവതേ തുഭ്യം വാസുദേവായ ധീമഹി
## പ്രദ്യുമ്നായാനിരുദ്ധായ നമ: സങ്കർഷണായ ച (1-5-37)

ദിവ്യർഷിയായ നാരദൻ പറഞ്ഞു:
അല്ലയോ വ്യാസ, താങ്കൾ ആ ഭഗവൽകൃപയുടെ ഒരു കിരണമത്രേ. തപശ്ചര്യകളിലൂടെയും യോഗാഭ്യാസങ്ങളിലൂടെയും അങ്ങ് ആത്മവിദ്യയുടെയും വേദപുരാണങ്ങളുടെയും ഉള്ളറിഞ്ഞവനാണല്ലോ. മനുഷ്യനായിപ്പിറന്നവൻ അനുഷ്ഠിക്കേണ്ടുന്ന ധർമ്മമാർഗ്ഗങ്ങളെപ്പറ്റി അങ്ങ് വിശദമായി എഴുതിയിട്ടുമുണ്ട്. എങ്കിലും അപക്വമതികളായസാധകർ ഈ കർമ്മ-ധർമ്മ മാർഗ്ഗങ്ങളെ തൽകാര്യസമ്പാദനത്തിനായും സ്വാർത്ഥാഭിമാനവർദ്ധനവിനായും ഉപയോഗിച്ചേക്കാം. അഹങ്കാരപ്രവണതയ്ക്ക് ഒരാത്മീയപരിവേഷം നൽകാൻ ഈ ധർമ്മാനുഷ്ടാനങ്ങളെ അവർ ഉപയോഗിച്ചുവെന്നുംവരാം. വളരെക്കുറച്ചു സുകൃതികൾ മാത്രമേ കർമ്മങ്ങളുടെയും വേദപുരാണസംഹിതാനുസാരിയായ മാർഗ്ഗങ്ങളുടെയുമപ്പുറത്ത് ഭഗവൽഭക്തിയിലൂടെ മാത്രമേ ശാശ്വതമായ മോക്ഷം ലഭിക്കൂ എന്ന സത്യം മനസ്സിലാക്കി വർത്തിക്കുകയുള്ളൂ. അല്ലയോ ഋഷിപുംഗവാ, ഏതൊരു കൃതിയാണോ രചനയാണോ ഭഗവാനെ വിഷയമാക്കി അവിടത്തെ കഥകൾ വിവരിച്ചു തരുന്നത്, അതു മാത്രമേ എണ്ണപ്പെടുന്നതായുള്ളൂ. മറ്റെല്ലാം വ്യർത്ഥരചനകളത്രേ. ഉള്ളടക്കത്തിലും വസ്തുവിലും വിഷയത്തിലും ഭഗവാൻ നിറഞ്ഞിരിക്കുന്നവയത്രേ ശാശ്വതമാവുന്ന കൃതികൾ. ഏതൊരുവൻ ഭഗവൽപാദങ്ങളിൽ ഭക്തി വിശ്വാസമുള്ളവനാണോ, ഏതൊരുവൻ ഭൗതികനേട്ടങ്ങളിൽ ശ്രദ്ധയറ്റവനാണോ, അവൻെറ ആത്മീയപാതയിൽ തടസ്സങ്ങൾ ഉണ്ടായാലും ലക്ഷ്യപ്രാപ്തിക്കു മുൻപ് അവൻ മരിച്ചു പോയാലും, അവൻെറമേൽ പാപത്തിൻെറ ശങ്കപോലുമുണ്ടാകുന്നതല്ല. എന്നാൽ 'ലോകത്തിലെ എൻെറ കടമകൾ ഞാൻ ചെയ്യുന്നു' എന്നനാട്യത്തിൽ ഭഗവാനെ ആശ്രയിക്കാതെ ജീവിക്കുന്ന ഒരുവൻ തൻെറ ജീവിതംകൊണ്ട് യാതൊന്നും നേടുന്നില്ല. ഭഗവൽദാസന് ജനിമരണചക്രത്തിലേക്ക് മടങ്ങിവരേണ്ടതില്ല തന്നെ.

മഹർഷേ, എൻെറ കഴിഞ്ഞജന്മത്തിലെ കഥ കേട്ടാലും. ഞാൻ ബ്രാഹ്മണരുടെ വേലക്കാരിയുടെ പുത്രനായിട്ടാണുജനിച്ചത്. ഞാനും ബ്രാഹ്മണരെ പരിചരിക്കാറുണ്ടായിരുന്നു. അങ്ങിനെ അവരെന്നിൽ ദയവുള്ളവരായിത്തീർന്നു. ഒരിക്കൽ ഞാനവരുടെ ഉഛിഷ്ടം ഭുജിക്കുകയും ചെയ്തു. ഇതെല്ലാം എൻെറ മനസ്സിനെ ശുദ്ധീകരിക്കുവാൻ ഉപകരിച്ചു. അവരുടെ കാൽക്കീഴിൽനിന്ന് ഭഗവാൻ ശ്രീകൃഷ്ണൻെറ ആത്മചോരണശക്തിയുള്ള ലീലാവിലാസകഥകൾ ഞാൻകേട്ടു. എൻെറഹൃദയം ഭഗവാനുവേണ്ടി അത്യധികം ആഗ്രഹിച്ചു. സ്വർഗ്ഗമുൾപ്പടെയുള്ള ഈ ലോകമെല്ലാം മായയാണെന്നും എൻെറതന്നെ അജ്ഞതയുടെ ഫലമാണെന്നും താമസംവിനാ എനിക്കുമനസ്സിലായി. തുടർച്ചയായുള്ള ഭഗവൽകഥാശ്രവണം എൻെറ ആഗ്രഹങ്ങളെയും അജ്ഞതയേയും അകറ്റി. ആ മഹാമുനികൾ പോകാൻനേരത്ത് അവർ തപ:ശക്തികൊണ്ടും ദീർഘകാലധ്യാനംകൊണ്ടും നേടിയ വിദ്യാസമ്പത്ത് - ഭഗവാനിൽ നിന്നു നേരിട്ടു ലഭിച്ച ആത്മവിദ്യ - എനിക്കുപറഞ്ഞുതന്നു. ഭഗവാൻ വാസുദേവൻെറ മഹിമയെ അങ്ങിനെയാണു ഞാൻ സാക്ഷാത്കരിച്ചത്.

അല്ലയോ വ്യാസ, സാധാരണകർമ്മങ്ങൾ പ്രത്യാഘാതങ്ങൾക്കു വഴിതെളിക്കുമ്പോൾ, ഏതൊരു കർമ്മമാണോ ഭഗവൽപ്രേമം ലക്ഷ്യമാക്കിച്ചെയ്യുന്നത്, അത് നമ്മെ മോക്ഷത്തിലേയ്ക്കു നയിക്കുന്നു. അതുകൊണ്ട് ഒരുവൻ മനസാ ഭഗവാനെ നമസ്കരിച്ചുകൊണ്ട് 'ഓം നമോ ഭഗവതേ വാസുദേവായ. അങ്ങയെ ഞാൻ ധ്യാനിക്കുന്നു. നമോ പ്രദ്യുമ്നായ. നമോ അനിരുദ്ധായ. നമോ സങ്കർഷണായ' എന്ന മന്ത്രംജപിക്കണം. ഈ മന്ത്രം ഭഗവൽശരീരമത്രെ. ഈമന്ത്രം ജപിച്ച് അതിൻെറ പൊരുളറിഞ്ഞ് ജോലിയും പൂജയും ചെയ്യുന്നവനത്രേ യഥാർത്ഥ മനുഷ്യൻ. അവൻ എല്ലായ്പ്പോഴും ഭഗവൽസ്മരണയിലാണ്ടിരിക്കുന്നു. വ്യാസ, ഭഗവൽകഥകളും മാഹാത്മ്യങ്ങളും പാടി താങ്കളുടെ ഹൃദയത്തിൽ ശാന്തിയും പരമാനന്ദവും നിറയ്ക്കൂ. താങ്കളുടെ ഹൃദയാകുലതയ്ക്കുകാരണം ഈ ശാന്തിയെ കണ്ടെത്താത്തതാണ്.